# Malayala Manorama

# 16 August 2018

# Kerala: Flood, Relief Activates



ചെറുതോണിയിൽ കലിതുള്ളിയ വെള്ളത്തിനിടയിലൂടെ ദുരന്തനിവാരണസേനാംഗം കയ്യിൽ പിടിച്ചു പാഞ്ഞ ജീവൻ – സൂരജ് എന്ന മൂന്നുവയസ്സുകാരൻ

HAPPY moments

## കലിവെള്ളത്തിനിടയിലെ സൂര്യകിരണം

വൈശാഖ് പി.നായർ

സൂരജ് ചിരിക്കുകയാണ്... അതുതന്നെയാണു ഞങ്ങളുടെ ചിരിയെന്നു പറയാതെ പറഞ്ഞ് അച്ഛൻ വിജയരാജും അമ്മ മഞ്ജുവും അവനോടു ചേർന്നിരിക്കുന്നു.

രാക്ഷസത്തിരപോലെ ഇരമ്പിയെത്തുന്ന വെള്ളത്തിനു നടുവിലൂടെ പാഞ്ഞ ദുരന്തനിവാരണ സേനാംഗത്തിന്റെ കയ്യിൽ തളർന്നു കിടന്ന ആ കുഞ്ഞാണിത്. മൂന്നു വയസ്സുകാരൻ.

പത്രത്തിൽ വന്നതും എല്ലാവരും തന്നെപ്പറ്റി തിരക്കുന്നതുമൊന്നുമറിയാതെ അവൻ കളിച്ചുനടക്കുന്നു. അതു കാണുമ്പോൾ നമ്മുടെ ഉള്ളിലും ഒരു ചിരി പടരും.. പ്രതീക്ഷയുടെയും ധൈര്യത്തിന്റെയും വിശ്വാസത്തിന്റെയും ചിരി.

ആ ദിവസത്തെക്കുറിച്ചു വിജയരാജ് പറയട്ടെ

''ചെറുതോണി ഡാമിന്റെ അഞ്ചാം ഷട്ടറും തുറക്കാൻ പോകുന്നു എന്നു കേട്ടിരുന്നു. ചെറുതോണി പാലം വഴിയുള്ള ഗതാഗതം നിരോധിച്ചതിനാൽ അന്നു മേസ്തിരിപ്പണിക്കു പോകാനായില്ല. മഞ്ജുവും സൂരജും പനിപിടിച്ചു വീട്ടിൽ കിടക്കുന്നു. ഷട്ടർ തുറക്കുന്നതു കാണാമല്ലോ എന്നോർത്തു കാത്തുനിന്നെങ്കിലും ഉച്ചയായിട്ടും തുറന്നില്ല. അങ്ങനെ വീട്ടിലെത്തിയപ്പോഴാണു കുഞ്ഞിനു ശ്വാസം മുട്ടുന്നുവെന്നു മഞ്ജു വന്നു പറഞ്ഞത്. മോനു തീരെ വയ്യായിരുന്നു.

ശ്വാസം കിട്ടാതെ വിഷമിക്കുകയാണ്. ഒന്നും ഓർത്തില്ല. അവനെയും എടുത്ത് ഓടി. പാലത്തിന്റെ മുന്നിലെത്തിയപ്പോൾ സുരക്ഷാ ഉദ്യോഗസ്ഥരെ കണ്ടു. അനുവാദം ചോദിച്ചെങ്കിലും ആദ്യം കിട്ടിയില്ല. ഞാൻ മോന്റെ മുഖത്തേക്കു നോക്കി. അവശനായ അവന്റെ മുഖത്തേക്കു വെള്ളത്തുള്ളികൾ വീഴുകയാണ്. അപ്പോഴേക്കും ഉദ്യോഗസ്ഥർക്കു സംഭവത്തിന്റെ ഗൗരവം പിടികിട്ടി, കലക്ടറെ ബന്ധപ്പെടാം എന്നായി. പക്ഷേ, അത്തരം കാര്യങ്ങളെക്കുറിച്ചൊന്നും ചിന്തിക്കാൻ പറ്റിയില്ല. മുന്നും പിന്നും നോക്കാതെ ഞാൻ കുഞ്ഞുമായി ഓടി. ഒപ്പം, ചെറുതോണി കരയിൽ ക്യാംപ് ചെയ്യുന്ന സുരക്ഷാ ഉദ്യോഗസ്ഥരെ കൈകാട്ടി വിളിച്ചു. (അതിനിടയിൽ അക്കരെയിൽ നിന്ന് ഇക്കരെയിലേക്കു സന്ദേശവുമെത്തിയിരുന്നു). അതു കണ്ട രണ്ടു സേനാ അംഗങ്ങൾ ഓടിയെത്തി. കുതിച്ചൊലിക്കുന്ന വെള്ളത്തിലേക്ക് ഓടിക്കയറിയ എന്റെ കയ്യിൽ നിന്ന് ഒരാൾ കുഞ്ഞിനെ വാങ്ങി. എല്ലാം ഞൊടിയിടയിൽ കഴിഞ്ഞു. ഒറ്റ ഓട്ടം.... ഇപ്പുറത്തെത്തി. ചില്ലിക്കാശില്ല. ഒരു പൊലീസ് ഉദ്യോഗസ്ഥൻ പെട്ടെന്നു 100 രൂപ എടുത്തുതന്നു.

കുഞ്ഞുമായി പൈനാവ് ആശുപത്രിയിലേക്ക് ഓട്ടോയിൽ കയറി കുതിച്ചു. അപ്പോഴാണു ഞാനൊന്നു തിരിഞ്ഞു നോക്കിയത്... അഞ്ചാം ഷട്ടറും തുറന്നിരിക്കുന്നു... ചങ്കിടിച്ചു പോയി. ഈ വെള്ളത്തിനു നടുവിലൂടെയാണോ ഞാൻ കുഞ്ഞിനെയുമായി ഓടിയത്... ''

സൂരജിനെ തോളത്തെടുത്തു വിജയരാജ് പറഞ്ഞു നിർത്തി.

കുതിച്ചെത്തി കുഞ്ഞിനെ വാങ്ങിയ കനയ്യകുമാർ, കുഞ്ഞിനും അച്ഛനും സുരക്ഷാ കവചമായി ഒപ്പം ഓടിയ കൃപാൽ സിങ്... അവരെ സൂരജിന്റെ വീടു മാത്രമല്ല, ഇതാ കേരളം ഒന്നാകെ നെഞ്ചേറ്റുന്നു. സ്വന്തം ജീവൻ പോലും പണയം വച്ച് അവർ കരയ്ക്കെത്തിച്ചത് മഞ്ജുവിന്റെയും വിജയരാജിന്റെയും ജീവനാണല്ലോ. പ്രളയദുരിതത്തിന്റെ കണ്ണീരിനിടയിൽ ആശ്വാസത്തിന്റെ പുഞ്ചിരി.

കുന്നിൻ മുകളിലെ തുണ്ടു ഭൂമിയിൽ, തീരെച്ചെറിയ രണ്ടുമുറി വീട്ടിൽ കഷ്ടപ്പാടുകൾ പലതുണ്ട്. പക്ഷേ, അതൊന്നും ഇപ്പോൾ ഓർക്കുന്നേയില്ലെന്നും കുഞ്ഞിനു സുഖമായല്ലോ അതുമതിയെന്നും മഞ്ജുവിന്റെ വാക്കുകൾ.

കനയ്യയ്ക്കും കൃപാൽ സിങ്ങിനും നന്ദി പറഞ്ഞാൽ മതിയാകില്ലെന്നു വിജയരാജ്. 100 രൂപ കയ്യിൽവച്ചു തന്ന പൊലീസുകാരൻ, ഓടിയെത്തിയ ഓട്ടോക്കാരൻ... അങ്ങനെ സ്നേഹത്തിന്റെ ഒരുപിടി പൂക്കൾക്കും.

ദുരന്തനിവാരണ സേനാംഗങ്ങളായ കൃപാൽ സിങ്ങും കനയ്യകുമാറും
ചിത്രം: ജിബിൻ ചെമ്പോല ● മനോരമ

സൂരജിനൊപ്പം അച്ഛൻ വിജയരാജ്, അമ്മ മഞ്ജു.

### കനയ്യകുമാർ, കൃപാൽ സിങ്

ഇരുവരും എൻഡിആർഎഫ് (ദുരന്തനിവാരണ സേന) നാലാം ബറ്റാലിയനിൽ (ആർക്കോണം, തമിഴ്നാട്) കോൺസ്റ്റബിൾമാർ

എൻഡിആർഎഫിൽ എത്തിയിട്ട് ആറു വർഷം. ഇത്രയും സംതൃപ്തി ലഭിച്ച മറ്റൊരു രക്ഷാപ്രവർത്തനം ഇല്ലെന്ന് പറയുന്നു, ഇരുവരും. അതിനു കേരള ജനത നൽകിയ അംഗീകാരത്തിൽ അഭിമാനം ഉണ്ടെന്നും. കനയ്യകുമാർ ബിഹാർ ലക്കിസാരായ് സ്വദേശിയാണ്. കൃപാൽ സിങ് യുപിയിലെ മഥുര സ്വദേശി.

സൂരജുമായി വന്ന പാലം ചൂണ്ടിക്കാട്ടുന്ന കനയ്യ കുമാർ.